# കേരള സർക്കാർ
# പൊതു വിദ്യാഭ്യാസ വകുപ്പ്

## ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്)
## (ജനറൽ)

## പരീക്ഷാ വിജ്ഞാപനം
## ഏപ്രിൽ 2024

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**

**പരീക്ഷാഭവൻ, പൂജപ്പുര**

**തിരുവനന്തപുരം-12**

നം. ഇ.എക്സ്/എച്ച്2/200/2024/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം,**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം-12**
**തീയതി : 04/03/2024**

# പരീക്ഷാ വിജ്ഞാപനം

വിഷയം:- ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്)- സെമസ്റ്റർ പരീക്ഷ **ഏപ്രിൽ 2024** - സംബന്ധിച്ച്

സൂചന:- (1) ഗവൺമെന്റ് ഉത്തരവ് നം.(സാധാ) 1700/2018/ പൊതു വിദ്യാഭ്യാസം തീയതി: 05.05.2018.
(2) ഗവൺമെന്റ് ഉത്തരവ് നം.(സാധാ) 2009/2018/ പൊതു വിദ്യാഭ്യാസ തീയതി: 30.05.2018.
(3) ഗവൺമെന്റ് ഉത്തരവ് നം. (സാധാ) 3280/2013/ പൊതു വിദ്യാഭ്യാസം തീയതി: 05/08/2013
(4) ഗവൺമെന്റ് ഉത്തരവ് നം. (സാധാ) 4960/2018/ പൊതു വിദ്യാഭ്യാസം തീയതി: 26/11/2018

************

2013-2014 അദ്ധ്യായനവർഷം സംസ്ഥാനത്തെ ഐ.ടി.ഇ-കളിൽ പുതുതായി ആരംഭിച്ച ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ എന്ന കോഴ്സ് 2018 ജൂൺ മാസം മുതൽ സൂചന(1) ലെ സർക്കാർ ഉത്തരവ് പ്രകാരം **ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്)** എന്ന് പുനർനാമകരണം ചെയ്യുകയും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോഴ്സിന്റെ ഒന്ന്, മൂന്ന് സെമസ്റ്റർ റെഗുലർ പരീക്ഷയും സൂചന (4) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്ററുകളുടെ സപ്ലിമെന്ററി പരീക്ഷയും **2024 ഏപ്രിൽ മാസം 24-ാം തീയതി ആരംഭിച്ച് 2024 മെയ് മാസം 2-ാം തീയതി** അവസാനിക്കുന്നതാണ്. **05.05.2018-ലെ 1700/18** നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുതിയ സ്കീമിലാണ് പ്രസ്തുത പരീക്ഷ നടത്തുന്നത്.

## I. പുതിയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

### (A) ഒന്നാം സെമസ്റ്റർ

1. 05.05.2018 ലെ സർക്കാർ ഉത്തരവ് നം. **1700/18** പൊതുവിദ്യാഭ്യാസം, പ്രകാരം **2018-2019** അദ്ധ്യായന വർഷം മുതൽ പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) കോഴ്സിനെ ആധാരമാക്കിയാണ് പരീക്ഷ നടക്കുന്നത്.
2. ഒന്നാം സെമസ്റ്ററിൽ ആകെ ഒൻപത് പേപ്പറുകളാണ് ഉള്ളത്.

3. മൂന്ന് പാർട്ടുകളായാണ് മൂല്യനിർണയം നടത്തുന്നത്.
4. തീയറി പരീക്ഷ, നിരന്തര വിലയിരുത്തൽ, ഇന്റേൺഷിപ്പ് എന്നിങ്ങനെയാണ് വിലയിരുത്തലുകൾ.
5. 101 മുതൽ 109 വരെ ആകെയുള്ള ഒമ്പത് പേപ്പറുകളിൽ ആദ്യ രണ്ട് പേപ്പറുകൾക്ക് തീയറി പരീക്ഷയും (101, 102 പേപ്പറുകൾ) 101 മുതൽ 109 വരെ പേപ്പറുകൾക്ക് നിരന്തര വിലയിരുത്തലും, 103 മുതൽ 109 വരെയുള്ള പേപ്പറുകളിൽ 107 ഒഴികെ 6 പേപ്പറുകൾക്ക് ഇന്റേൺഷിപ്പും എന്ന രീതിയിലാണ് വിലയിരുത്തൽ നടക്കുന്നത്.
6. തീയറി പേപ്പറുകൾക്ക് 70 സ്കോറും നിരന്തര വിലയിരുത്തലിന് 20 സ്കോറും ചേർത്ത് 90 മാർക്കിനാണ് 101, 102 എന്നീ പേപ്പറുകൾ വിലയിരുത്തുന്നത്.
7. പേപ്പർ 103 മുതൽ 109 വരെ 106 ഒഴികെ നിരന്തര വിലയിരുത്തൽ സ്കോർ 10 ആയിരിക്കും എന്നാൽ പേപ്പർ 106 ന് സ്കോർ 20 ആണ് നിശ്ചയിച്ചിട്ടുള്ളത്.
8. 103 മുതൽ 109 വരെ പേപ്പറുകളിൽ 107 ഒഴികെയുള്ളവർക്ക് ഇന്റേൺഷിപ്പ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 103, 108 എന്നീ പേപ്പറുകൾക്ക് ഇന്റേൺഷിപ്പ് സ്കോർ 10-ഉം മറ്റ് പേപ്പറുകൾക്ക് 5 മാർക്കുമാണുള്ളത്.
9. എഴുത്തുപരീക്ഷകൾക്ക് ആകെ 140 സ്കോറും നിരന്തര മൂല്യനിർണ്ണയത്തിന് 120 സ്കോറും ഇന്റേൺഷിപ്പിന് 40 സ്കോറും ഉൾപ്പെടെ ഒന്നാം സെമസ്റ്ററിൽ 300 സ്കോറാണുള്ളത്.

**പുതുക്കിയ പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ്, എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ആയിരിക്കും**

***(i) പാർട്ട് ഒന്ന് - എഴുത്ത് പരീക്ഷ***

*ഒന്നാം സെമസ്റ്ററിൽ 2 പേപ്പറുകൾക്കാണ് എഴുത്ത് പരീക്ഷയുള്ളത്*

| പേപ്പർ | വിഷയം | പരീക്ഷ സമയം | സ്കോർ |
|---|---|---|---|
| 101 | വിദ്യാഭ്യാസ മനശാസ്ത്രം - സിദ്ധാന്തവും പ്രയോഗവും | 2 $^{1}/_{2}$ മണിക്കൂർ | 70 |
| 102 | വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ | 2 $^{1}/_{2}$ മണിക്കൂർ | 70 |
| **ആകെ** | | | **140** |

## (ii) പാർട്ട് രണ്ട് - നിരന്തര മൂല്യനിർണ്ണയം

***ഒന്നാം സെമസ്റ്ററിൽ 9 പേപ്പറുകൾക്കും നിരന്തര മൂല്യനിർണ്ണയമുണ്ടായിരിക്കും***

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 101 | വിദ്യാഭ്യാസ മനശാസ്ത്ര സിദ്ധാന്തവും പ്രയോഗവും | 20 |
| 102 | വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ | 20 |
| 103 | മലയാളം - ഭാഷയും കുട്ടിയും | 10 |
| 104 | Proficiency in English Language | 10 |
| 105 | ഗണിതം - പഠനവും ബോധനവും (I) | 10 |
| 106 | പരിസരവും പഠനവും | 20 |
| 107 | വിവര വിനിമയ സാങ്കേതിക വിദ്യ (ICT)സാധ്യതകളും പ്രയോഗവും | 10 |
| 108 | കല, പ്രവൃത്തി വിദ്യാഭ്യാസം - സമീപനവും പ്രയോഗവും | 10 |
| 109 | ആരോഗ്യ കായിക വിദ്യാഭ്യാസം | 10 |
| | **ആകെ** | **120** |

## (iii) പാർട്ട് മൂന്ന് - ഇന്റേൺഷിപ്പ്

***ഒന്നാം സെമസ്റ്ററിൽ 6 പേപ്പറുകൾക്കാണ് ഇന്റേൺഷിപ്പുള്ളത്***

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 103 | മലയാളം - ഭാഷയും കുട്ടിയും | 10 |
| 104 | Proficiency in English Language | 5 |
| 105 | ഗണിതം പഠനവും ബോധനവും (I) | 5 |
| 106 | പരിസരവും പഠനവും | 5 |
| 108 | കല, പ്രവൃത്തി, വിദ്യാഭ്യാസം - സമീപനവും പ്രയോഗവും | 10 |
| 109 | ആരോഗ്യ കായിക വിദ്യാഭ്യാസം | 5 |
| | **ആകെ** | **40** |

## (iv) ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| D+ | 40 ശതമാനത്തിന് താഴെ |

വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടേയും എഴുത്ത് പരീക്ഷ, തുടർമൂല്യ നിർണ്ണയം, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് കുറഞ്ഞത് **C+ ഗ്രേഡ് (50 ശതമാനം)** എങ്കിലും നേടിയിരിക്കേണ്ടതാണ്.

## (v) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള യോഗ്യതകൾ

### റഗുലർ വിഭാഗം

2023-24 അദ്ധ്യയന വർഷം ഒന്നാം സെമസ്റ്റർ ആയി പ്രവേശനം നേടുകയോ, പുന:പ്രവേശനം നേടുകയോ ചെയ്ത വിദ്യാർത്ഥികൾക്ക് 85% ഹാജരുണ്ടെങ്കിൽ പ്രസ്തുത പരീക്ഷയ്ക്ക് റഗുലർ വിഭാഗത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

### സപ്ലിമെന്ററി വിഭാഗം (ഒന്നാം സെമസ്റ്റർ)

2018-19 അധ്യയന വർഷം മുതൽ പ്രവേശനം നേടുകയും 2023 സെപ്തംബർ, മാസം വരെ നടത്തിയ ഒന്നാം സെമസ്റ്റർ പരീക്ഷകളിൽ വിജയിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഭാഗം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

### (B) രണ്ടാം സെമസ്റ്റർ

1. 05.05.2018 ലെ 1700/18 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2018-2019 അദ്ധ്യായന വർഷം മുതൽ പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) കോഴ്സിനെ ആധാരമാക്കിയാണ് പരീക്ഷ നടക്കുന്നത്.
2. രണ്ടാം സെമസ്റ്ററിൽ ആകെ പത്ത് പേപ്പറുകളാണ് ഉള്ളത്.

3. നാല് പാർട്ടുകളായാണ് മൂല്യനിർണയം നടത്തുന്നത്.

4. തീയറി പരീക്ഷ, പ്രായോഗിക പരീക്ഷ, നിരന്തര വിലയിരുത്തൽ, ഇന്റേൺഷിപ്പ് എന്നിങ്ങനെയാണ് വിലയിരുത്തലുകൾ.

5. 201 മുതൽ 210 വരെ ആകെയുള്ള പത്ത് പേപ്പറുകളിൽ മൂന്ന് പേപ്പറുകൾക്കാണ് എഴുത്തുപരീക്ഷയുള്ളത് (201, 202, 208 പേപ്പറുകൾ). 201 മുതൽ 210 വരെ പേപ്പറുകളിൽ 207,208 ഒഴികെ 8 പേപ്പറുകൾക്ക് നിരന്തര വിലയിരുത്തലും, 201, 202, 207 എന്നിവ ഒഴികെയുള്ള 7 പേപ്പറുകൾക്ക് ഇന്റേൺഷിപ്പും പേപ്പർ 207 ന് പ്രായോഗിക പരീക്ഷയും എന്ന രീതിയിലാണ് വിലയിരുത്തൽ നടക്കുന്നത്.

6. തീയറി പേപ്പറുകൾ (201,202) എന്നിവക്ക് 70 മാർക്കുവീതവും, പേപ്പർ 208 ന് 60 മാർക്കും പ്രായോഗിക പരീക്ഷ (പേപ്പർ 207) ന് 60 മാർക്കും നിരന്തര വിലയിരുത്തൽ (പേപ്പർ 201, 202, 206, 210) എന്നിവക്ക് 20 മാർക്ക് വീതവും (പേപ്പർ 203, 204, 205, 209) എന്നിവക്ക് 10 മാർക്കു വീതവുമാണുള്ളത്.

7. 201, 202, 207 എന്നീ പേപ്പറുകൾ ഒഴികെയുള്ള 7 പേപ്പറുകളിൽ പേപ്പർ 208 ന് 10 മാർക്കും ബാക്കി പേപ്പറുകൾക്ക് 5 മാർക്കിനും ഇന്റേൺഷിപ്പ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

8. എഴുത്തുപരീക്ഷകൾക്ക് ആകെ 200 സ്കോറും പ്രായോഗിക പരീക്ഷക്ക് 60 മാർക്കും നിരന്തര മൂല്യനിർണ്ണയത്തിന് 120 സ്കോറും ഇന്റേൺഷിപ്പിന് 40 സ്കോറും ഉൾപ്പെടെ രണ്ടാം സെമസ്റ്ററിൽ 420 സ്കോറാണുള്ളത്.

**പുതുക്കിയ പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ്, എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ആയിരിക്കും**

## (i) പാർട്ട് ഒന്ന് - എഴുത്ത് പരീക്ഷ

*രണ്ടാം സെമസ്റ്ററിൽ 3 പേപ്പറുകൾക്കാണ് എഴുത്ത് പരീക്ഷയുള്ളത്.*

| പേപ്പർ | വിഷയം | പരീക്ഷാ സമയം | സ്കോർ |
|---|---|---|---|
| 201 | വിദ്യാഭ്യാസമനശാസ്ത്രം- പഠനവും പഠനപ്രക്രീയയും | 2 1/2 മണിക്കൂർ | 70 |
| 202 | പാഠ്യപദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും | 2 1/2 മണിക്കൂർ | 70 |
| 208 | കല, പ്രവൃത്തി വിദ്യാഭ്യാസം- ബോധനശാസ്ത്രം | 2 മണിക്കൂർ | 60 |
| | **ആകെ** | | **200** |

## *(ii)* <u>പാർട്ട് രണ്ട് - പ്രായോഗിക പരീക്ഷ</u>

*രണ്ടാം സെമസ്റ്ററിൽ ഒരു പേപ്പറിനാണ് പ്രായോഗിക പരീക്ഷയുള്ളത്*

| പേപ്പർ | വിഷയം | പരീക്ഷ സമയം | സ്കോർ |
|---|---|---|---|
| 201 | വിവര വിനിമയ സാങ്കേതികവിദ്യയും പഠനബോധന പ്രക്രീയയും | 2 മണിക്കൂർ | 60 |
| | **ആകെ** | | **60** |

## (iii) <u>പാർട്ട് മൂന്ന് - നിരന്തര മൂല്യനിർണ്ണയം</u>

***രണ്ടാം സെമസ്റ്ററിൽ 8 പേപ്പറുകൾക്ക് നിരന്തര മൂല്യനിർണ്ണയമുണ്ടായിരിക്കും***

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 201 | വിദ്യാഭ്യാസ മനശാസ്ത്രം - പഠനവും പഠനപ്രക്രീയയും | 20 |
| 202 | പാഠ്യപദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും | 20 |
| 203 | മലയാളം - ഭാഷാപഠനവും ബോധനവും | 10 |
| 204 | Theory and practice of English Language Teaching | 10 |
| 205 | ഗണിതം - പഠനവും ബോധനവും (II) | 10 |
| 206 | ശാസ്ത്രവിദ്യാഭ്യാസം | 20 |
| 209 | ആരോഗ്യ കായിക വിദ്യാഭ്യാസം | 10 |
| 210 | സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും (I) | 20 |
| | **ആകെ** | **120** |

## (iv) (പാർട്ട് നാല് - ഇന്റേൺഷിപ്പ്)

***രണ്ടാം സെമസ്റ്ററിൽ 7 പേപ്പറുകൾക്കാണ് ഇന്റേൺഷിപ്പുള്ളത്***

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 203 | മലയാളം - ഭാഷാപഠനവും ബോധനവും | 5 |
| 204 | Theory and practice of English Language Teaching | 5 |
| 205 | ഗണിതം പഠനവും ബോധനവും II | 5 |
| 206 | ശാസ്ത്രവിദ്യാഭ്യാസം | 5 |
| 208 | കല, പ്രവൃത്തി വിദ്യാഭ്യാസം- ബോധനശാസ്ത്രം | 10 |
| 209 | ആരോഗ്യ കായിക വിദ്യാഭ്യാസം | 5 |
| 210 | സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും (I) | 5 |
| **ആകെ** | | **40** |

## (v) ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| D+ | 40 ശതമാനത്തിന് താഴെ |

വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടേയും എഴുത്ത് പരീക്ഷ, പ്രായോഗിക പരീക്ഷ, തുടർമൂല്യനിർണ്ണയം, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് കുറഞ്ഞത് **C+** ഗ്രേഡ് (50 ശതമാനം) എങ്കിലും നേടിയിരിക്കേണ്ടതാണ്.

## (vi) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള യോഗ്യതകൾ

*സപ്ലിമെന്ററി വിഭാഗം*

2018-19 അദ്ധ്യായന വർഷം മുതൽ പ്രവേശനം നേടുകയും 2023 നവംബർ മാസം വരെ നടന്ന രണ്ടാം സെമസ്റ്റർ പരീക്ഷകളിൽ പരാജയപ്പെടുകയും ചെയ്തവർക്ക് പ്രസ്തുത വിഭാഗം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**(C) മൂന്നാം സെമസ്റ്റർ**

1. 05.05.2018 ലെ 1700/18 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2018-2019 അദ്ധ്യായന വർഷം മുതൽ പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) കോഴ്സിനെ ആധാരമാക്കി യാണ് പരീക്ഷ നടക്കുന്നത്.
2. മൂന്നാം സെമസ്റ്ററിൽ ആകെ ഒമ്പത് പേപ്പറുകളാണ് ഉള്ളത്.
3. മൂന്ന് പാർട്ടുകളായാണ് മൂല്യനിർണയം നടത്തുന്നത്.
4. തീയറി പരീക്ഷ, നിരന്തര വിലയിരുത്തൽ, ഇന്റേൺഷിപ്പ് എന്നിങ്ങനെയാണ് വിലയിരുത്തലുകൾ.
5. 301 മുതൽ 309 വരെ ആകെയുള്ള ഒമ്പത് പേപ്പറുകളിൽ മൂന്ന് പേപ്പറുകൾക്കാണ് എഴുത്തുപരീക്ഷയുള്ളത് (303, 304, 309 പേപ്പറുകൾ). 301 മുതൽ 309 വരെ പേപ്പറുകളിൽ (301, 302, 305, 306) എന്നിങ്ങനെ നാല് പേപ്പറുകൾക്കാണ് നിരന്തര വിലയിരുത്തലുകളുള്ളത്, 301, 302, 307 എന്നിവ ഒഴികെയുള്ള 6 പേപ്പറുകൾക്ക് ഇന്റേൺഷിപ്പും എന്ന രീതിയിലാണ് വിലയിരുത്തൽ നടക്കുന്നത്.
6. തീയറി പേപ്പറുകൾ (303, 304) എന്നിവക്ക് 80 മാർക്കുവീതവും, പേപ്പർ 309 ന് 60 മാർക്കും, നിരന്തര വിലയിരുത്തൽ (പേപ്പർ 302, 306) എന്നിവയ്ക്ക് 20 മാർക്ക് വീതവും (പേപ്പർ 301, 305) എന്നിവക്ക് 10 മാർക്കു വീതവുമാണുള്ളത്.
7. 301, 302, 07 എന്നീ പേപ്പറുകൾ ഒഴികെയുള്ള 6 പേപ്പറുകളിൽ പേപ്പർ 309 ന് 10 മാർക്കും, പേപ്പർ 303 ന് 40 മാർക്കും ബാക്കി പേപ്പറുകൾക്ക് 20 മാർക്കിനും ഇന്റേൺഷിപ്പ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.
8. എഴുത്തുപരീക്ഷകൾക്ക് ആകെ 220 സ്കോറും നിരന്തര മൂല്യനിർണ്ണയത്തിന് 60 സ്കോറും ഇന്റേൺഷിപ്പിന് 130 സ്കോറും ഉൾപ്പെടെ മൂന്നാം സെമസ്റ്ററിൽ 410 സ്കോറാണുള്ളത്.

**പുതുക്കിയ പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ്, എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ആയിരിക്കും**

## (i) പാർട്ട് ഒന്ന് - എഴുത്ത് പരീക്ഷ

*മൂന്നാം സെമസ്റ്ററിൽ 3 പേപ്പറുകൾക്കാണ് എഴുത്ത് പരീക്ഷയുള്ളത്.*

| പേപ്പർ | വിഷയം | പരീക്ഷ സമയം | സ്കോർ |
|---|---|---|---|
| 303 | മലയാള ഭാഷാധ്യാപനം - സമീപനവും രീതിയും | 3 മണിക്കൂർ | 80 |
| 304 | Teaching competence in English Language | 3 മണിക്കൂർ | 80 |
| 309 | ആരോഗ്യ കായിക വിദ്യാഭ്യാസം | 2 മണിക്കൂർ | 60 |
| **ആകെ** | | | **220** |

## (ii) പാർട്ട് രണ്ട് - നിരന്തര മൂല്യനിർണ്ണയം

*മൂന്നാം സെമസ്റ്ററിൽ 4 പേപ്പറുകൾക്ക് നിരന്തര മൂല്യനിർണ്ണയമുണ്ടായിരിക്കും*

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 301 | വിദ്യാഭ്യാസ മനശാസ്ത്രം - പ്രായോഗിക അനുഭവങ്ങൾ (I) | 10 |
| 302 | ഉൾച്ചേർന്ന വിദ്യാഭ്യാസവും വിദ്യാലയ സംഘാടനവും | 20 |
| 305 | ഗണിതം പഠനവും ബോധനവും | 10 |
| 306 | പരിസരപഠനം - പഠനവും ബോധനവും | 20 |
| **ആകെ** | | **60** |

## (iii) പാർട്ട് മൂന്ന് - ഇന്റേൺഷിപ്പ്

*മൂന്നാം സെമസ്റ്ററിൽ 7 പേപ്പറുകൾക്കാണ് ഇന്റേൺഷിപ്പുള്ളത്*

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 303 | മലയാള ഭാഷാധ്യാപനം - സമീപനവും രീതിയും | 40 |
| 304 | Teaching competence in English Language | 20 |
| 305 | ഗണിതം പഠനവും ബോധനവും II | 20 |
| 306 | പരിസരപഠനം- പഠനവും ബോധനവും | 20 |
| 308 | കല, പ്രവൃത്തി വിദ്യാഭ്യാസം- ബോധനശാസ്ത്രം | 20 |
| 309 | ആരോഗ്യ കായിക വിദ്യാഭ്യാസം | 10 |
| **ആകെ** | | **130** |

## (iv) ഗ്രേഡിംഗ് സ്കെയിൽ

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| D+ | 40 ശതമാനത്തിന് താഴെ |

വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടേയും എഴുത്ത് പരീക്ഷ, തുടർമൂല്യ നിർണ്ണയം, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് കുറഞ്ഞത് C+ ഗ്രേഡ് (50 ശതമാനം) എങ്കിലും നേടിയിരിക്കേണ്ടതാണ്.

## (v) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള യോഗ്യതകൾ

**റഗുലർ വിഭാഗം**

2022-23 അദ്ധ്യയന വർഷം ഒന്നാം സെമസ്റ്റർ ആയി പ്രവേശനം നേടുകയോ, പുന:പ്രവേശനം നേടുകയോ ചെയ്ത വിദ്യാർത്ഥികൾക്ക് 85% ഹാജരുണ്ടെങ്കിൽ പ്രസ്തുത പരീക്ഷയ്ക്ക് റഗുലർ വിഭാഗത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

***സപ്ലിമെന്ററി വിഭാഗം***

2018-19 അദ്ധ്യായന വർഷം മുതൽ പ്രവേശനം നേടുകയും 2023 സെപ്തംബർ മാസം വരെ നടന്ന മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്തവർക്ക് പ്രസ്തുത വിഭാഗം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## (D) നാലാം സെമസ്റ്റർ

1. 05.05.2018- ലെ 1700/18 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2018-2019 അദ്ധ്യായന വർഷം മുതൽ പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) കോഴ്സിനെ ആധാരമാക്കി-യാണ് പരീക്ഷ നടക്കുന്നത്.
2. നാലാം സെമസ്റ്ററിൽ ആകെ എട്ട് പേപ്പറുകളാണ് ഉള്ളത്.
3. നാല് പാർട്ടുകളായാണ് മൂല്യനിർണയം നടത്തുന്നത്.

4. തീയറി പരീക്ഷ, നിരന്തര വിലയിരുത്തൽ, ഇന്റേൺഷിപ്പ് എന്നിങ്ങനെയാണ് വിലയിരുത്തലുകൾ.

5. നാലാം സെമസ്റ്ററിൽ തീയറി പരീക്ഷ, നിരന്തര വിലയിരുത്തൽ, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് പുറമേ നിർബന്ധിത പഠനയാത്ര, സമൂഹസമ്പർക്ക ക്യാമ്പ് എന്നിവകൂടി വിലയിരുത്തലിന് വിധേയമാണ്.

6. 401 മുതൽ 410 വരെ ( 402, 407 ഒഴികെ) ആകെയുള്ള എട്ട് പേപ്പറുകളിൽ 405, 406,410 എന്നീ മൂന്ന് പേപ്പറുകൾക്ക് തീയറി പരീക്ഷയും, 405, 409 ഒഴികെ ആറ് പേപ്പറുകൾക്ക് നിരന്തര വിലയിരുത്തലും, 401 ഒഴികെ ഏഴ് പേപ്പറുകൾക്ക് പേപ്പറുകൾക്ക് ഇന്റേൺഷിപ്പും എന്ന രീതിയിലാണ് വിലയിരുത്തൽ നടക്കുന്നത്.

7. തീയറി പേപ്പറുകളിൽ പേപ്പർ 405 ന് 80 സ്കോറും, 406, 410 എന്നിവയ്ക്ക് 70 മാർക്കും എന്ന രീതിയിലാണ് വിലയിരുത്തുന്നത്.

8. പേപ്പർ 401 മുതൽ 410 വരെയുള്ളതിൽ നിരന്തര വിലയിരുത്തലുള്ള ആറ് പേപ്പറുകളിൽ ( 405, 409 ഒഴികെ) എല്ലാ വിഷയത്തിനും സ്കോർ 10 വീതമാണ് നിശ്ചയിച്ചിട്ടുള്ളത്.

9. 401 മുതൽ 410 വരെ പേപ്പറുകളിൽ 401 ഒഴികെയുള്ളവർക്ക് ഇന്റേൺഷിപ്പ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പേപ്പർ 409 ന് 10 സ്കോറും മറ്റെല്ലാ വിഷയങ്ങൾക്കും 20 വീതവുമായിരിക്കും ഇന്റേൺഷിപ്പ് സ്കോർ.

10. എഴുത്തുപരീക്ഷകൾക്ക് ആകെ 220 സ്കോറും നിരന്തര മൂല്യനിർണ്ണയത്തിന് 60 സ്കോറും ഇന്റേൺഷിപ്പിന് 190 സ്കോറും, പഠനയാത്ര, സമൂഹസമ്പർക്ക ക്യാമ്പ് എന്നിവയ്ക്ക് യഥാക്രമം 20, 40 എന്നിങ്ങനെയുമാണ് സ്കോർ വിതരണം നടത്തിയിട്ടുള്ളത്. നാലാം സെമസ്റ്ററിൽ ആകെ 470 സ്കോറാണുള്ളത്.

**പുതുക്കിയ പരീക്ഷയുടെ വിഷയങ്ങൾ, സമയം, സ്കോർ, ഗ്രേഡിംഗ്, എന്നിവ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ആയിരിക്കും**

### *(i) പാർട്ട് ഒന്ന് - എഴുത്ത് പരീക്ഷ*

*നാലാം സെമസ്റ്ററിൽ 3 പേപ്പറുകൾക്കാണ് എഴുത്ത് പരീക്ഷയുള്ളത്*

| പേപ്പർ | വിഷയം | പരീക്ഷ സമയം | സ്കോർ |
|---|---|---|---|
| 405 | ഗണിതം - പഠനവും ബോധനവും (IV) | 3 മണിക്കൂർ | 80 |
| 406 | ശാസ്ത്രവിദ്യാഭ്യാസം-പഠനവും ബോധനവും | 2 1/2 മണിക്കൂർ | 70 |
| 410 | സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും | 2 1/2 മണിക്കൂർ | 70 |
| **ആകെ** | | | **220** |

## (ii) പാർട്ട് രണ്ട് - നിരന്തര മൂല്യനിർണ്ണയം

***നാലാം സെമസ്റ്ററിൽ 6 പേപ്പറുകൾക്ക് നിരന്തര മൂല്യനിർണ്ണയമുണ്ടായിരിക്കും***

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 401 | വിദ്യാഭ്യാസ മന:ശാസ്ത്രം പ്രായോഗികാനുഭവങ്ങൾ II | 10 |
| 403 | മലയാളം - വിദ്യാലയ അനുഭവവും മൂല്യനിർണയവും | 10 |
| 404 | Professional development of English Teacher | 10 |
| 406 | ശാസ്ത്രവിദ്യാഭ്യാസം-പഠനവും ബോധനവും | 10 |
| 408 | കല, പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ ആസൂത്രണവും നിർവ്വഹണവും | 10 |
| 410 | സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും | 10 |
| | **ആകെ** | **60** |

## (iii) പാർട്ട് മൂന്ന് - ഇന്റേൺഷിപ്പ്

***നാലാം സെമസ്റ്ററിൽ 7 പേപ്പറുകൾക്കാണ് ഇന്റേൺഷിപ്പുള്ളത്***

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 403 | മലയാളം - വിദ്യാലയ അനുഭവവും മൂല്യനിർണയവും | 20 |
| 404 | Professional development of English Teacher | 20 |
| 405 | ഗണിതം - പഠനവും ബോധനവും (IV) | 20 |
| 406 | ശാസ്ത്രവിദ്യാഭ്യാസം-പഠനവും ബോധനവും | 20 |
| 408 | കല, പ്രവൃത്തി വിദ്യാഭ്യാസത്തിന്റെ ആസൂത്രണവും നിർവഹണവും | 20 |
| 409 | ആരോഗ്യ കായിക വിദ്യാഭ്യാസം | 10 |
| 410 | സാമൂഹ്യശാസ്ത്രം - പഠനവും ബോധനവും | 20 |
| | **ആകെ** | **190** |

## (iv) പാർട്ട് നാല് - പഠനയാത്ര, സമൂഹസമ്പർക്ക ക്യാമ്പ്

**ഡി.എൽ.എഡ് അധ്യാപക-വിദ്യാർത്ഥികൾക്ക്** പഠനയാത്ര, സമൂഹസമ്പർക്ക ക്യാമ്പ് എന്നിവയിലെ പങ്കാളിത്തം നിർബന്ധമാണ്. ഇവയിൽ ഏതിലെങ്കിലും ഹാജരാകാത്തപക്ഷം പരാജയപ്പെടുന്നതാണ്.

**<u>ചുവടെ പറയും പ്രകാരമാണ് മാർക്ക് കണക്കാക്കിയിട്ടുള്ളത്.</u>**

| **പേപ്പർ** | **മാർക്ക്** |
|---|---|
| പഠനയാത്ര | 20 |
| സമൂഹ സമ്പർക്ക ക്യാമ്പ് | 40 |
| ആകെ | **60** |

- ❖ പഠനയാത്ര, സമൂഹസമ്പർക്ക ക്യാമ്പ് എന്നിവയിലെ പങ്കാളിത്തം നിർബന്ധമാണെങ്കിലും വിജയിക്കുന്നതിന് രണ്ടിനും കൂടി 50% മാർക്ക് (മിനിമം C+ ഗ്രേഡ് ) ലഭിച്ചാൽ മതിയാകും.

**(v) <u>ഗ്രേഡിംഗ് സ്കെയിൽ</u>**

| **ഗ്രേഡ്** | **സ്കോർ പരിധി** |
|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| D+ | 40 ശതമാനത്തിന് താഴെ |

വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടേയും എഴുത്ത് പരീക്ഷ, തുടർമൂല്യ നിർണ്ണയം, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് കുറഞ്ഞത് C+ ഗ്രേഡ് (50 ശതമാനം) എങ്കിലും നേടിയിരിക്കേണ്ടതാണ്.

**(i) <u>പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള യോഗ്യതകൾ</u>**

**<u>സപ്ലിമെന്ററി വിഭാഗം</u>**

2018-19, അദ്ധ്യായന വർഷം മുതൽ പ്രവേശനം നേടുകയും 2023 സെപ്തംബർ മാസം വരെ നടത്തിയ നാലാം സെമസ്റ്റർ പരീക്ഷ വിജയിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഭാഗം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## II. പരീക്ഷയുടെ സമയവിവര പട്ടിക

### ഒന്നാം സെമസ്റ്റർ

| തീയതി | ദിവസം | സമയം | പേപ്പർ കോഡ് | വിഷയം |
|---|---|---|---|---|
| 24/04/2024 | ബുധൻ | 1.45 pm to 4.30 p.m | 101 | വിദ്യാഭ്യാസ മന:ശാസ്ത്രം - സിദ്ധാന്തവും പ്രയോഗവും |
| 25/04/2024 | വ്യാഴം | 1.45 pm to 4.30 p.m | 102 | വിദ്യാഭ്യാസത്തിന്റെ ദാർശനികവും, സാമൂഹികവും, ചരിത്രപരവുമായ അടിത്തറ |

### രണ്ടാം സെമസ്റ്റർ

| തീയതി | ദിവസം | സമയം | പേപ്പർ കോഡ് | വിഷയം |
|---|---|---|---|---|
| 24/04/2024 | ബുധൻ | 9.45 am to 12.30 p.m | 201 | വിദ്യാഭ്യാസ മന:ശാസ്ത്രം- പഠനവും പഠനപ്രക്രീയയും |
| 25/04/2024 | വ്യാഴം | 9.45 am to 12.30 p.m | 202 | പാഠ്യ പദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും |
| 29/04/2024 | തിങ്കൾ | 9.45 am to 12.00 noon | 208 | കല, പ്രവൃത്തി വിദ്യാഭ്യാസം - ബോധന ശാസ്ത്രം |

### മൂന്നാം സെമസ്റ്റർ

| തീയതി | ദിവസം | സമയം | പേപ്പർ കോഡ് | വിഷയം |
|---|---|---|---|---|
| 26/04/2024 | വെള്ളി | 9.45 am to 1.00 p.m | 303 | മലയാള ഭാഷാധ്യാപനം- സമീപനവും രീതിയും |
| 30/04/2024 | ചൊവ്വ | 9.45 am to 1.00 p.m | 304 | Teaching Competence in English Language |
| 02/05/2024 | വ്യാഴം | 9.45 am to 12.00 noon | 309 | ആരോഗ്യ കായിക വിദ്യാഭ്യാസം |

### നാലാം സെമസ്റ്റർ

| തീയതി | ദിവസം | സമയം | പേപ്പർ കോഡ് | വിഷയം |
|---|---|---|---|---|
| 29/04/2024 | തിങ്കൾ | 1.45 pm to 5.00 p.m | 405 | ഗണിതം- പഠനവും ബോധനവും (IV) |
| 30/04/2024 | ചൊവ്വ | 1.45 pm to 4.30 p.m | 406 | ശാസ്ത്ര വിദ്യാഭ്യാസം പഠനവും ബോധനവും |
| 02/05/2024 | വ്യാഴം | 1.45 pm to 4.30 p.m | 410 | സാമൂഹ്യശാസ്ത്രം പഠനവും ബോധനവും |

**രണ്ടാം സെമസ്റ്റർ, സപ്ലിമെന്ററി ഐ.ടി പ്രായോഗിക പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്.**

## III പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം:-

പരീക്ഷാർത്ഥികൾ ഈ വിജ്ഞാപനത്തിലെ അനുബന്ധം എ ആയി കൊടുത്തിരിക്കുന്ന മാതൃകയിൽ അപേക്ഷ **2024 മാർച്ച് 22-ാം** തീയതിക്ക് മുമ്പായി ബന്ധപ്പെട്ട ഐ.റ്റി.ഇ/ഡയറ്റ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾമാർ നിശ്ചിത യോഗ്യതയുള്ള പരീക്ഷാർത്ഥികളുടെ അപേക്ഷ **30/03/2024** മുതൽ **06/04/2024** വരെ പരീക്ഷാ ഭവന്റെ വെബ്സൈറ്റിൽ (deledexam.kerala.gov.in) പ്രവേശിച്ച് ഐ.റ്റി.ഇ login വഴി രജിസ്റ്റർ ചെയ്യേണ്ടതും അപേക്ഷ **08/04/2024** ന് മുമ്പായി വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതുമാണ്. രജിസ്ട്രേഷൻ **പ്രിന്റൗട്ട് ഹാർഡ് കോപ്പി ഒറിജിനൽ ചലാൻ സഹിതം സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695012 എന്ന വിലാസത്തിൽ പരീക്ഷാഭവനിലേക്ക് അയച്ചു-തരേണ്ടതാണ്.** പൂർണമായും ഓൺലൈൻ മുഖേന നടക്കുന്ന പരീക്ഷാ പ്രവർത്തനങ്ങൾ ആയതിനാൽ അതീവ ശ്രദ്ധയോടെ ഓരോ പ്രവർത്തനങ്ങളും പ്രിൻസിപ്പാൾമാർ നേരിട്ട് വിലയിരുത്തി മാത്രമേ ചെയ്യാൻ പാടുള്ളൂ. പരീക്ഷാ രജിസ്ട്രേഷൻ സമയത്ത് വരുന്ന സംശയങ്ങൾക്ക് **helpdesk.deled@gmail.com** എന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യാവുന്നതും **0471-2546832** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതുമാണ്. വെരിഫിക്കേഷൻ പൂർത്തീകരിച്ചാൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല. ഇത്തരത്തിൽ ലഭ്യമാകുന്ന രജിസ്ട്രേഷൻ പ്രിന്റൗട്ടിന്റെ ഒരു കോപ്പി **12/04/2024** ന് മുമ്പായി തന്നെ പരീക്ഷാകേന്ദ്രങ്ങൾക്ക് നൽകുകയും ഒരു *കോപ്പി പോസ്റ്റിംഗ് ഓർഡർ നൽകുന്നതിലേക്കായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നൽകേണ്ടതുമാണ്.*

## *IV.* കാൻഡിഡേറ്റ് ലിസ്റ്റ് തയ്യാറാക്കുന്ന വിധം (ഒന്നാം സെമസ്റ്റർ)

**ഐ.റ്റി.ഇ. പ്രിൻസിപ്പാൾമാർ www.pareekshabhavan.kerala.gov.in എന്ന വെബ്സൈറ്റിൽ iExam മുഖേന login ചെയ്ത് പരീക്ഷാർത്ഥികളുടെ ലിസ്റ്റ് ഓൺലൈൻ ആയി 11/03/2024 മുതൽ 18/03/2024 വരെ സമർപ്പിക്കേണ്ടതും 20/03/2024 ന് മുമ്പായി കാൻഡിഡേറ്റ് ലിസ്റ്റ് പ്രിന്റെടുത്ത് ഐ.ടി.ഇ. പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തി വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും 25/03/2024 നകം വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ തങ്ങൾക്ക് ലഭിച്ചിട്ടുള്ള യൂസർ ഐ.ഡി. വഴി ഓൺലൈൻ മുഖേന വെരിഫിക്കേഷൻ നടത്തേണ്ടതുമാണ്.**

**ഓൺലൈൻ മുഖേന വെരിഫിക്കേഷൻ പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് മാത്രമേ രജിസ്റ്റർ നമ്പർ അനുവദിക്കുകയുള്ളൂ. കാൻഡിഡേറ്റ് ലിസ്റ്റ് ഹാർഡ് കോപ്പി പരീക്ഷാഭവനിലേക്ക് അയക്കേണ്ടതില്ല. എന്നാൽ കാൻഡിഡേറ്റ് ലിസ്റ്റിൽ രജിസ്ട്രേഷൻ സമയത്ത് വരുന്ന തിരുത്തലുകൾക്ക് ചുവന്ന മഷിയിൽ രേഖപ്പെടുത്തി ഹാർഡ് കോപ്പി സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ സ്പീഡ് പോസ്റ്റായി അയച്ചുതരേണ്ട-താണ്. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ വെരിഫിക്കേഷൻ പൂർത്തീകരിച്ചാൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.**

- ❖ ഡി.എൽ.എഡ് പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികൾ ഏത് ഐ.ടി.ഇ യിലാണോ പഠനം പൂർത്തിയാക്കിയത് പ്രസ്തുത ഐ.ടി.ഇ പ്രിൻസിപ്പാളായിരിക്കണം ലിസ്റ്റ് സമർപ്പിക്കേണ്ടത്. ഏതെങ്കിലും ഐ.ടി.ഇ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ ബന്ധപ്പെട്ട ഡയറ്റുകൾ വഴി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ❖ പരീക്ഷാകേന്ദ്രത്തിൽ അപേക്ഷയും, ഫീസും, ശേഖരിക്കേണ്ടതില്ല

## IV <u>പരീക്ഷാകേന്ദ്രങ്ങൾ</u>

നിലവിലെ പരീക്ഷാകേന്ദ്രങ്ങളുടെ ലിസ്റ്റ് 'അനുബന്ധം E' ആയി ചേർത്തിട്ടുണ്ട്. ഈ സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾമാരായിരിക്കും പരീക്ഷാകേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്. സ്വാശ്രയ സ്ഥാപനങ്ങളുടെ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം ഉണ്ടായിരിക്കും അവ പിന്നാലെ അറിയിക്കുന്നതാണ്. പരീക്ഷ നടക്കുന്ന ദിവസങ്ങിൽ പരീക്ഷാകേന്ദ്ര-ങ്ങളിലെ ചീഫ് സൂപ്രണ്ടുമാർ അവർക്ക് നൽകിയിട്ടുള്ള USER വഴി Absent പരീക്ഷാഭവന്റെ വെബ്സൈറ്റിൽ online ആയി രേഖപ്പെടുത്തേണ്ടതാണ്.

## V <u>ഫീസ് നിരക്കുകൾ:-</u>

### a) <u>പരീക്ഷാഫീസ് :-</u>

പരീക്ഷയ്ക്കുള്ള ഫീസ് നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പരീക്ഷാർത്ഥികൾ ആദ്യ രണ്ടു ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല. ശേഖരിക്കുന്ന ഫീസ് നിശ്ചിത ദിവസങ്ങളിൽ '0202-01-102-99 Examination Fees' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1. | 1, 2 സെമസ്റ്റർ (തിയറി & പ്രാക്ടിക്കൽ) | **50/- രൂപ** |
| 2. | 3, 4 സെമസ്റ്റർ (തിയറി & പ്രാക്ടിക്കൽ) | **100/- രൂപ** |
| 3. | ഒരു പേപ്പർ (പ്രൈവറ്റ് വിഭാഗം) | **25/- രൂപ** |
| 4. | പ്രാക്ടിക്കൽ | **20/- രൂപ** |
| 5. | ഫൈൻ | **10 /- രൂപ** |

## b) <u>സർട്ടിഫിക്കറ്റിനുള്ള ഫീസ്: -</u>

നാലാം സെമസ്റ്ററിലെ പരീക്ഷയ്ക്ക് സർട്ടിഫിക്കറ്റിനുള്ള ഫീസായി 50/- രൂപ ഫീസൊടുക്കിയവർ ഫീസടക്കേണ്ടതില്ല. എന്നാൽ അത്തരത്തിൽ ഫീസൊടുക്കിയവർ **<u>പ്രസ്തുത ഫീസടച്ച ചലാൻ സഹിതം അയച്ചുതരേണ്ടതാണ്.</u>** അല്ലാതുള്ളവരുടെ ഫീസുകൾ പ്രിൻസിപ്പൽമാർ നിശ്ചിത തീയതിയിൽ തന്നെ 0202-01-102-92 other receipt എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

- ❖ പരീക്ഷാഫീസ്, സർട്ടിഫിക്കറ്റ് ഫീസ് എന്നിവ ഒടുക്കിയ ഒറിജിനൽ രസീത് ആകെ വിദ്യാർത്ഥികളുടെ എണ്ണം, പരീക്ഷാഫീസിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ എണ്ണം, ഫീസടച്ചവരുടെ വിവരം (റഗുലർ, പ്രൈവറ്റ് പ്രത്യേകം) അബ്സ്ട്രാക്ട് തയ്യാറാക്കി പരീക്ഷാഭവനിലേക്ക് അയക്കേണ്ടതാണ്.
- ❖ പരിശോധനയിൽ ഫീസിൽ കുറവോ, രസീത് നല്കാതിരിക്കുകയോ ചെയ്യുന്നവർക്ക് അഡ്മിഷൻ ടിക്കറ്റ് അനുവദിക്കുന്നതല്ല.
- ❖ **10/04/2024** ന് മുമ്പായി ഫീസിന്റെ രസീതുകൾ സമർപ്പിക്കാത്ത പ്രിൻസിപ്പാൾമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും അപ്രകാരം ആരെങ്കിലും വൈകിപ്പിച്ചാൽ തൊട്ടടുത്ത ദിവസം തന്നെ പ്രിൻസിപ്പാൾ വിശദീകരണം സഹിതം നേരിട്ട് ഹാജരാകേണ്ടതുമാണ്.

## VI സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും

| | | |
|---|---|---|
| 1. | ഐ.ടി.ഇ-കളിൽ ഒന്നാം സെമസ്റ്റർ കാൻഡിഡേറ്റ് രജിസ്ട്രേഷൻ തുടങ്ങേണ്ട തീയതി | **11/03/2024 മുതൽ 18/03/2024** |
| 2. | ഐ.ടി.ഇ- പ്രിൻസിപ്പൽമാർ കാൻഡിഡേറ്റ് ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | **20/03/2024** |
| 3. | വിദ്യാഭ്യാസ ഉപ ഡയറക്ടർ കാൻഡിഡേറ്റ് വെരിഫിക്കേഷൻ നടത്തേണ്ട അവസാന തീയതി | **25/03/2024** |
| 4. | പരീക്ഷാഫീസ് ഐ.ടി.ഇ-കളിൽ സ്വീകരിക്കേണ്ട അവസാന തീയതി | **25/03/2024** |
| 5. | ലഭിച്ച ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **26/03/2024** |
| 6. | ഫൈനോടുകൂടി ഐ.ടി.ഇ-കളിൽ ഫീസ് സ്വീകരിക്കേണ്ട തീയതി | **27/03/2024** |
| 7. | ഫൈനോടുകൂടിയുള്ള പരീക്ഷാഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | **27/03/2024** |
| 8. | 'എ' ലിസ്റ്റ് (കാൻഡിഡേറ്റ് ലിസ്റ്റ്), ഫീസ് രസീത് എന്നിവ പരീക്ഷാഭവനിൽ ലഭിക്കേണ്ട അവസാന തീയതി (തിരുത്തൽ ആവശ്യമെങ്കിൽ മാത്രം) | **10/04/2024** |
| 9. | ഐ.ടി.ഇ/ഡയറ്റ് പ്രിൻസിപ്പാൾമാർ 'എ' ലിസ്റ്റ് പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട പരീക്ഷാ സെന്ററിൽ സമർപ്പിക്കേണ്ട അവസാന തീയതി | **12/04/2024** |
| 10. | പരീക്ഷാഭവൻ വെബ്സൈറ്റിൽ ഹാൾടിക്കറ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **18/04/2024** |

## VII. CWSN പരീക്ഷാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ഈ ആനുകൂല്യം ലഭിക്കേണ്ട പരീക്ഷാർത്ഥികൾ അപേക്ഷകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലെ ഐ.ഇ.ഡി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്ത് യഥാസമയം ഉത്തരവ് വാങ്ങേണ്ടതാണ്.

## VIII. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ആരുടെയെങ്കിലും പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അനുബന്ധം 'C' ആയി നൽകിയിരിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ **09/04/2024** ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ട താണ്. അയയ്ക്കുന്ന കവറിനു മുകളിൽ **ഡി.എൽ.എഡ് പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ** എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

## IX അഡ്മിഷൻ ടിക്കറ്റ്:-

പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്. (www.bpekerala.in/deled) പ്രായോഗിക പരീക്ഷാ ബോർഡ് സന്ദർശനം നടത്തുന്ന സമയത്ത് എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ടിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## X പരീക്ഷാചെലവുകൾക്കുള്ള ഫണ്ട്:-

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താല്കാലികമായി പിൻവലിച്ചതാണ് ഡി.എൽ.എഡ് പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീകൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും 10.04.2012 ലെ ജി.ഒ (എം.എസ്) നം.112/12 പൊ.വി.വ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## XI പരീക്ഷാക്രമക്കേടുകൾ

പരീക്ഷാർത്ഥികൾ എഴുതിയതോ പ്രിന്റു ചെയ്തതോ ആയ പേപ്പറുകളുമായി പരീക്ഷാഹാളിൽ പ്രവേശിക്കുവാൻ പാടില്ല. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും മറ്റു വിദ്യാർത്ഥികൾക്ക് കണ്ടെഴുതുവാൻ അവസരം നൽകുന്നതും ഹാളിൽ മറ്റു വിദ്യാർത്ഥികളോട് സംസാരിക്കുന്നതും പരീക്ഷാക്രമക്കേടായി പരിഗണിക്കുന്നതാണ്. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതാവൂ. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തിങ്കിലും വിവരമോ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുവാൻ പാടില്ല. പരീക്ഷാഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല.

## XII മാർക്ക്ലിസ്റ്റ് വിതരണം: -

